**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2497.** **09.03.2018 ൽ മറുപടിയ്ക്ക്**

**അതിർത്തി ചെക്ക്പോസ്റ്റുകളിലെ സ്പിരിറ്റ് സ്ക്വാഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | 2017-ൽ സംസ്ഥാനത്ത് കഞ്ചാവ്, മയക്കുമരുന്ന് കേസുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായപ്പോൾ സ്പിരിറ്റ് പിടിച്ചെടുക്കൽ കാര്യമായി ഉണ്ടായിട്ടില്ലെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (എ) | പരിശോധിക്കുകയുണ്ടായി. |
| (ബി) | എങ്കിൽ 2017 -ൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ലഹരി സ്പിരിറ്റ് കേസുകൾ എത്ര; വിശദാംശങ്ങൾ നൽകുമോ; | (ബി) | ആകെ 23 സ്പിരിറ്റ് കേസുകൾ. ഈ കേസുകളിലായി 8354.35 ലിറ്റർ സ്പിരിറ്റ് കണ്ടെടുക്കുകയും 24 പേരെ പ്രതിചേർക്കുകയും ചെയ്തിട്ടുണ്ട്. കേസുകളുടെ അന്വേഷണം നടന്നു വരുന്നു. |
| (സി) | വാളയാർ, മീനാക്ഷിപുരം, ഗോവിന്ദപുരം തുടങ്ങിയ പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളുള്ള പാലക്കാട് ജില്ലയിൽ കഴിഞ്ഞ വർഷം സ്പിരിറ്റ് പിടിച്ചെടുക്കാത്ത സാഹചര്യം പരിശോധിക്കുകയുണ്ടായോ; | (സി) | പരിശോധിക്കുകയുണ്ടായി. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുകയും ടി ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന കർശനമാക്കുകയും ചെക്ക് പോസ്റ്റുകളുടെ സമാന്തര പാതകളിൽ ശക്തമായ പട്രോളിംഗ് ഏർപ്പെടുത്തുകയും ചെയ്തതോടെ സ്പിരിറ്റിന്റെ അനധികൃത കടത്ത് കുറയുന്നതിന് കാരണമായിട്ടുണ്ട്. |
| (ഡി) | എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്പിരിറ്റ് സ്ക്വാഡ് പിരിച്ചു വിട്ടതും സ്പിരിറ്റ് പിടിച്ചെടുക്കലിലുണ്ടായിട്ടുള്ള കുറവും തമ്മിൽ ബന്ധമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) | എക്സൈസ് കമ്മീഷണറുടെ സ്ക്വാഡ് പിരിച്ചുവിട്ടിട്ടില്ല. എന്നാൽ അത് പുന:സംഘടിപ്പിച്ചിട്ടുണ്ട്. സ്പിരിറ്റ് പിടിക്കുന്നതിൽ ഇതിന് ഒരു ബന്ധവുമില്ല. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയത് വഴി സ്പിരിറ്റിന്റെ കടത്ത് വൻതോതിൽ കുറയാൻ ഇടയാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**